പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1243 — 30/01/2018-ൽ മറുപടിക്ക്

## എൽ.പി, യു.പി സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

**ചോദ്യം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് എൽ.പി, യു.പി സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദീകരിക്കുമോ;

(എ) ഉണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ നിയമം 2009 പ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 മുതൽ 5 വരെ ക്ലാസുകളിൽ 1:30 ഉം 6 മുതൽ 8 വരെ ക്ലാസുകളിൽ 1:35 ഉം ആണ്.

(ബി) വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവായതും അതിന് ആനുപാതികമല്ലാത്ത തരത്തിൽ അദ്ധ്യാപകരുടെ എണ്ണം കൂടുതലായതുമായ സ്കൂളുകൾ നിലവിലുണ്ടോ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിക്കാതെ പ്രവർത്തിക്കുന്ന സർക്കാർ എൽ.പി, യു.പി സ്കൂളുകളുടെ പട്ടിക, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം സഹിതം ലഭ്യമാക്കുമോ;

(ബി) & (സി) വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവാണെങ്കിലും മിനിമം എൽ.പി.എസ്.എ/ യു.പി.എസ്.എ തസ്തികകൾ അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കാതിരുന്നാൽ അത് വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം നിഷേധിക്കലാകും. വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 25-ലെ ഷെഡ്യൂളിൽ നിർദ്ദേശിക്കുന്ന വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിൽ തന്നെയാണ് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഡിവിഷനുകളും തസ്തികകളും അനുവദിച്ചിട്ടുള്ളത്.
1 മുതൽ 30/35 വരെയാണ് ആദ്യ ഡിവിഷൻ/തസ്തിക അനുവദിക്കുന്നത്.

(ഡി) അടുത്തടുത്ത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള സ്കൂളുകളെ സംയോജിപ്പിച്ച് ഒറ്റ വിദ്യാലയമാക്കി മാറ്റി ചെലവ് ചുരുക്കുന്നതിനും മെച്ചപ്പെട്ട അധ്യയനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?.

(ഡി) കുട്ടികളുടെ എണ്ണം തീരെ കുറവുള്ള വിദ്യാലയങ്ങളെ സംയോജിപ്പിച്ച് ഒറ്റ വിദ്യാലയമാക്കുന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ